I/58376/2024

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

**മാനേജിംഗ് ഡയറക്ടറുടെ നടപടി ക്രമം**

**(ഹാജർ : Dr. Dinesan Cheruvat I A S)**

വിഷയം: കേരള വാട്ടർ അതോറിറ്റി - മുൻകാലങ്ങളിൽ വാട്ടർ അതോറിറ്റിയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ പ്രോ റാറ്റ പെൻഷൻ വിഹിത ബാധ്യത ജീവനക്കാരിൽ നിന്ന് സ്വീകരിച്ച് അവർ നിലവിൽ സേവനമനുഷ്ഠിക്കുന്ന ക്രേന്ദ / സംസ്ഥാന സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങളിലേക്ക് കൈമാറി മുൻകാല സർവ്വീസ്, പെൻഷനും, ടെർമിനൽ ആനുകുല്യങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ. **KWA/JB/HO/E1/14681/2016** തീയതി: **07-05-2024**

---

സൂചന : 1. മാനേജിംഗ് ഡയറക്ടറുടെ നടപടി ക്രമം, നമ്പർ. **KWA/JB/HO/E1/14681/2016** തീയതി, **12.02.2020**

2. **23.02.2024** ന് ചേർന്ന **435**-മത് കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗത്തിലെ ഐറ്റം നമ്പർ **VII** ന്മേലുള്ള തീരുമാനം

## <u>ഉത്തരവ്</u>

ക്രേന്ദ / സംസ്ഥാന സർക്കാർ വകുപ്പുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള മുൻകാല സേവനകാലം വാട്ടർ അതോറിറ്റിയിലെ പെൻഷൻ കാലയളവിന്, യോഗ്യതാ കാലമായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ, ജീവനക്കാർ, പെൻഷൻകാർ തുടങ്ങിയവരിൽ നിന്നും നിരവധി നിവേദനങ്ങൾ ലഭിച്ചതിനാലും, ചിലർ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചതിന്റെ ഫലമായി ലഭിച്ച വിധികളുടെ അടിസ്ഥാനത്തിലും, മുൻകാല സർവ്വീസ് പെൻഷനും മറ്റ് ടെർമിനൽ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് പരിഗണിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു

നൽകിയിട്ടുള്ളതുമാണ്. എന്നാൽ മുൻകാല സർവ്വീസ് പരിഗണിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ടുള്ള എന്തെങ്കിലും നിർദ്ദേശങ്ങളുടെ അഭാവത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ അതോറിറ്റിയോട് സർക്കാർ നിർദ്ദേശിച്ചിരുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കേരള സർവ്വീസ് റൂൾസ് പാർട്ട് III പ്രകാരമാണ് നിർണ്ണയിക്കുന്നത്. കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 20 പ്രകാരം സർക്കാരിന്റെ പ്രത്യേകമായ ഉത്തരവിൻ കീഴിൽ ഒഴികെ, ഒരു ' ലോക്കൽ ഫണ്ടിൽ . നിന്നും ശമ്പളം നൽകിയിട്ടുള്ള ഒരു സർവ്വീസ് പെൻഷന് പരിഗണിക്കാൻ യോഗ്യമാകുന്നതല്ല. എന്നാൽ പഞ്ചായത്ത് / മുനിസിപ്പൽ കോമൺ സർവ്വീസിലും സർവ്വകലാശാലകളിലും, സർക്കാർ ജീവനക്കാരും എയ്ഡഡ് സ്കൂൾ / എയ്ഡഡ് കോളേജ് അദ്ധ്യാപകരും അവർ സംസ്ഥാന സർവ്വീസിലോ എയ്ഡഡ് സ്കൂൾ / എയ്ഡഡ് കോളേജ് സർവ്വീസിലോ പ്രവേശിക്കുന്നതിന് മുമ്പ് അനുഷ്ഠിച്ചിട്ടുള്ള അവരുടെ മുൻകാല സേവനം സർക്കാരിൽ നിന്നും പെൻഷന് വേണ്ടിയും ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയ്ക്ക് വേണ്ടിയും യോഗ്യമായ സർവ്വീസായി കണക്ക് കൂട്ടുന്നതാണ്.

മുൻകാല സർവ്വീസ് കണക്കിലെടുക്കുന്നതിനായി ടി ചട്ടത്തിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് അഭ്യർ ത്ഥിച്ചിരുന്നു. സർക്കാരിൽ നിന്നുള്ള വിശദീകരണത്തിൽ 04.12.1999-ലെ 74/1999/ധന. നമ്പർ സർക്കുലറിന്റെ മൂന്നാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിയമിതരായിട്ടുള്ള ജീവനക്കാർക്ക്, ക്രേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളിൽ / മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ മുൻകാല സർവ്വീസ് ഉണ്ടെങ്കിൽ ആയത് കണക്കിലെടുത്ത് കേരള വാട്ടർ അതോറിറ്റിയിൽ പേ പ്രൊട്ടക്ഷൻ അനുവദിക്കുന്നതിനും, ടെർമിനൽ ആനുകുല്യം അനുവദിക്കുന്നതിനും ടി കാലയളവ് പെൻഷന് പരിഗണിക്കുന്നതിനും, കേരള വാട്ടർ അതോറിറ്റിക്ക് തീരുമാനമെടുക്കാവുന്നതാണ്. ഈ വിഷയം വാട്ടർ അതോറിറ്റി ബോർഡ് കൂടി തീരുമാനമെടുക്കേണ്ടതും, ടി കാലയളവ് പെൻഷന് പരിഗണിക്കുന്നതിന് തീരുമാനം എടുക്കുന്ന പക്ഷം, 25.04.2008-ലെ സർക്കാർ ഉത്തരവ് സ.ഉ. (പി) നമ്പർ.188/2008 /ധന പ്രകാരം പ്രൊറേറ്റ പെൻഷൻ വിഹിതം വാങ്ങുന്ന കാര്യത്തിലും തീരുമാനമെടുക്കേണ്ടതുമാണ്. ഇതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു.

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 03.01.2020-ലെ കേരള വാട്ടർ അതോറിറ്റിയിലെ 411-ാമത് ബോർഡ് യോഗം ഈ വിഷയം വിശദമായി പരിശോധിക്കുകയും “കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ക്രേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ / കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മുൻകാല സർവ്വീസ്, പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതിനും പ്രോറേറ്റ പെൻഷൻ വിഹിതം മുൻ തൊഴിൽ ഉടമയിൽ നിന്നോ ജിവനക്കാരനിൽ നിന്നോ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഈടാക്കുന്നതിനും" തീരുമാനം എടുക്കുകയുണ്ടായി.

ബോർഡ് തീരുമാന പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ നിലവിലുള്ള ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും കേന്ദ്ര സർക്കാർമറ്റ് സംസ്ഥാന സർക്കാർവകുപ്പുകൾ,മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പെൻഷന് കണക്കാക്കാവുന്ന മുൻകാല സർവ്വീസ്, പെൻഷനും ടെർമിനൽ ആനുകുല്യങ്ങൾക്കും പ്രോറേറ്റ പെൻഷൻ വിഹിത ബാദ്ധ്യത മുൻ തൊഴിൽ ഉടമയിൽ

നിന്നോ ജീവനക്കാരനിൽ നിന്നോ നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സൂചന 1 ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും പ്രസ്തുത ആനുകൂല്യം ജീവനക്കാർക്ക് നൽകി വരികയുമാണ്.

എന്നാൽ വാട്ടർ അതോറിറ്റിയിൽ സേവനമനുഷ്ഠിച്ച ശേഷം മറ്റു കേന്ദ്ര / സംസ്ഥാന സർക്കാർ വകുപ്പുകളിലേക്കും, പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും വിടുതൽ നേടി പുനഃനിയമനം നേടി പോയവർക്ക്, അവരുടെ വാട്ടർ അതോറിറ്റിയിലെ സേവന കാലയളവ് നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പെൻഷന് കണക്കാനായി ഉത്തരവ് ഉണ്ട് എങ്കിലും പ്രസ്തുത വകുപ്പ് / സ്ഥാപനം അവരിൽ നിന്ന് നേരിട്ട് പ്രൊ റാറ്റ പെൻഷൻ വിഹിതം സ്വീകരിക്കാത്തതിനാൽ പെൻഷൻ ആനുകൂല്യങ്ങളിൽ നഷ്ടം ഉണ്ടാകുന്ന സാഹചര്യം ഉള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം ജീവനക്കാരുടെ പ്രൊ റാറ്റ പെൻഷൻ വിഹിതം മുൻപ് ജോലി ചെയ്തിരുന്ന കേരള വാട്ടർ അതോറിറ്റി മുഖേന മാത്രമേ സ്വീകരിക്കൂ എന്ന് വിവിധ സ്ഥാപനങ്ങൾ അവരുടെ ജീവനക്കാരെ അറിയിച്ചിട്ടുണ്ട്.

അതിനാൽ വാട്ടർ അതോറിറ്റിയിൽ സേവനമനുഷ്ഠിച്ച ശേഷം മറ്റു കേന്ദ്ര / സംസ്ഥാന സർക്കാർ വകുപ്പുകളിലേക്കും, പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും വിടുതൽ നേടി പുനർനിയമനം നേടി പോയവരിൽ നിന്ന് അവരുടെ സ്ഥാപനം കണക്കാക്കി നൽകുന്ന പ്രൊ റാറ്റ പെൻഷൻ വിഹിതം വാട്ടർ അതോറിറ്റി നേരിട്ട് സ്വീകരിച്ച ശേഷം അത് അവർ നിലവിൽ ജോലി ചെയ്യുന്ന വകുപ്പ് / സ്ഥാപനത്തിലേക്ക് അടവാക്കുന്നത് സംബന്ധിച്ച് 03.01.2020-ലെ കേരള വാട്ടർ അതോറിറ്റിയിലെ 411-ാമത് ബോർഡ് യോഗം തീരുമാനം കൈക്കൊള്ളാത്തത് മൂലം അവ്യകത നില നിന്നതിനാൽ പ്രസ്തുത വിഷയം 22.02.2024 ൽ ചേർന്ന വാട്ടർ അതോറിറ്റി ബോർഡിന്റെ 435 മത് യോഗം മുൻപാകെ അജണ്ടയായി സമർപ്പിച്ചു.

പ്രസ്തുത ബോർഡ് യോഗം വിഷയം പരിഗണിക്കുകയും, വാട്ടർ അതോറിറ്റിയിൽ സേവനമനുഷ്ഠിച്ച ശേഷം വിടുതൽ നേടി മറ്റു കേന്ദ്ര /സംസ്ഥാന സർക്കാർ വകുപ്പകളിലേക്കും, പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും പുനർ നിയമനം നേടി പോയ ജീവനക്കാർക്ക് അവരുടെ പ്രൊ-റാറ്റ പെൻഷൻ വിഹിതം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും, പ്രസ്തുത തുക അവരുടെ വകുപ്പ് / സ്ഥാപനത്തിലേക്ക് കൈമാറുന്നതിനും അനുവാദം നൽകി.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിൽ സേവനമനുഷ്ഠിച്ച ശേഷം വിടുതൽ നേടി മറ്റു കേന്ദ്ര /സംസ്ഥാന സർക്കാർ വകുപ്പകളിലേക്കും, പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും പുനർ നിയമനം നേടി പോയ ജീവനക്കാർക്ക് അതാത് വകുപ്പുകൾ / സ്ഥാപനങ്ങൾ 25.04.2008-ലെ ജി.ഒ.(പി.)നമ്പർ.188/2008/ധന. പ്രകാരം അവരുടെ പ്രൊ-റാറ്റ പെൻഷൻ വിഹിതമായി കണക്കാക്കി ഉചിതമാർഗേന കേരള വാട്ടർ അതോറിറ്റി കേന്ദ്ര കാര്യാലയത്തിൽ അറിയിക്കുന്ന തുക, കേന്ദ്ര കാര്യാലയത്തിൽ നിന്ന് ആവശ്യപ്പെടുന്ന ഓഫീസിൽ ജീവനക്കാർ അടവാക്കുന്നതിന് ഇതിനാൽ അനുമതി നൽകുന്നു.

ഇപ്രകാരം അടവാക്കുന്ന തുക ജീവനക്കാരൻ / ജീവനക്കാരി നിലവിൽ ജോലി ചെയ്യുന്ന അതാത് വകുപ്പ് / സ്ഥാപന മേധാവി ആവശ്യപ്പെടുന്ന അക്കൗണ്ടിലേക്ക് എത്രയും വേഗം അതോറിറ്റി കേന്ദ്രകാര്യാലയത്തിൽ നിന്ന് കൈമേറേണ്ടതാണ്.

Signed by
Dr. Dinesan Cheruvat I A S
Date: 07-05-2024 22:20:40

മാനേജിംഗ് ഡയറക്ടർ

| | |
|---|---|
| പകർപ്പ് : | 1. എല്ലാ ചീഫ് എൻജിനീയർ മാർക്കും<br>2. ഫിനാൻസ് മാനേജർ & CAO, കേരള വാട്ടർ അതോറിറ്റി<br>3. പി.എ. റ്റു എം.ഡി / പി.എ. റ്റു ജെ.എം.ഡി/ പി.എ. റ്റു ടി.എം. / ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ ) / ഡി.സി.ഇ (ജനറൽ) / സെക്രട്ടറി / സീനിയർ എ.ഒ / അക്കൗണ്ട്സ് ഓഫീസർ (എസ്റ്റാ. & അഡ്മിൻ) / അക്കൗണ്ട്സ് ഓഫീസർ (പേസ്ലിപ്പ്& പെൻഷൻ) / ജെ.എസ്.(അഡ്മിൻ) / ജെ.എസ്. (എസ്റ്റാ.& അക്കൗണ്ട്സ്) /ആർ.എ.ഒ / ഓഫീസ് പകർപ്പ്<br>4. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി. |